**അദ്ധ്യായം 2**

# വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടം

ജെ. ജി. ടോൾ
വിവർത്തനം: ബൈജു. വി. ബാലൻ (09650383432)

സഭ എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന "എക്ലീസിയ" എന്ന ഗ്രീക്കു വാക്കിന്റെ ചരിത്രം നാം അൽപ്പമായി കാണുകയുണ്ടായി. പക്ഷെ ഈ വാക്കിന്റെ മൗലിക അർത്ഥവും തിരുവെഴുത്തുകളിൽ അതിന്റെ ഉപയോഗവും നാം അൽപ്പം കൂടി അടുത്ത് നിരീക്ഷിക്കേണ്ട ആവശ്യം ഉണ്ട്.

നാം കണ്ടതുപോലെ "വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടം" എന്നായിരുന്നു ഈ വാക്കിന്റെ മൗലിക അർത്ഥം. എന്നാൽ ചില പണ്ഡിതന്മാർ അവകാശപ്പെടുന്നത് കാലക്രമേണ 'വിളിച്ച് വേർതിരിക്കപ്പെട്ട' എന്ന അടിസ്ഥാന ചിന്ത ഈ വാക്കിന് നഷ്ടമായി, ഇന്ന് വെറും 'കൂട്ടം' എന്ന അർത്ഥം മാത്രമേ ഈ വാക്കിനു ഉള്ളൂ എന്നാണ്. ഗ്രീക്കു ഭാഷാ പണ്ഡിതന്മാർ ഈ വാദം അംഗീകരിക്കുന്നില്ല എന്നു മാത്രമല്ല ഈ ചിന്ത തിരുവചന പഠിപ്പിക്കലുകളോട് പൊരുത്തപ്പെടുന്നതുമല്ല.

ലോകപ്രശസ്തനായ ഒരു വലിയ പണ്ഡിതന്റെ പ്രാമാണികമായ ഗ്രന്ഥമായതിനാൽ ട്രെഞ്ചിന്റെ "ന്യൂ ടെസ്റ്റ്മെന്റ് സിനോണിംസ് " എന്ന ഗ്രന്ഥത്തിൽ നിന്ന് ഇതിനോടകം പല പ്രാവശ്യം ഉദ്ധരിച്ചു കഴിഞ്ഞു. ഈ വിഷയത്തിൽ ട്രെഞ്ചിന്റെ വിചാരം വളരെ ഉറച്ചതാണ്. "ക്രിസ്തീയമായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുമ്പോൾ "വിളിക്കുക" (ക്ലെസിസ്, ഫിലി. 3:14, 2 തിമൊ. 1:9) "വേർതിരിക്കുക" (എക്ലോഗ്, റോമ. 11:7, 2 പത്രൊ. 1:10) എന്നിവ രണ്ടും ഓർത്തിരിക്കേണ്ടതാണ്. കാരണം ഇതിലാണ് ഈ വാക്കിനെ ഉത്തുംഗാർത്ഥ പ്രയോഗത്തിനായി സവിശേഷ രീതിയിൽ കടംകൊള്ളുന്നതിന്റെ രഹസ്യം ഒളിഞ്ഞുകിടക്കുന്നത്." ട്രെഞ്ചിന്റെ ഈ നിഗമനത്തോട് ആൽഫ്രഡ്, റോബർട്ട് യംഗ് മുതലായ മറ്റു പ്രശസ്ത ഭാഷാ പണ്ഡിതന്മാരും അനുകൂലിക്കുന്നു.

തിരുവചനവും ഈ നിഗമനത്തോട് അനുകൂലിക്കുന്നു. ഉദാഹരണത്തിന് കൊരിന്ത്യർക്ക് എഴുതിയ പൗലോസിന്റെ ഒന്നാം ലേഖനത്തിന്റെ ആദ്യ വാക്യങ്ങൾ നോക്കുക. എഴുത്തുകാരൻ തന്നെത്തന്നെ "അപ്പോസ്തലനായി വിളിക്കപ്പെട്ടവൻ" (ക്ലീറ്റോസ്) ആയി പരിചയപ്പെടുത്തുന്നു. പിന്നെ താൻ കൊരിന്തിലെ വിശുദ്ധന്മാരെ ആദ്യം "സഭ" (എക്ലീസിയ) എന്ന് പൊതുവായും, "വിളിക്കപ്പെട്ട (ക്ലീറ്റോസ്) വിശുദ്ധന്മാരായവർ" എന്ന് വ്യക്തിപരമായും അഭിസംബോധന ചെയ്യുന്നു. "ക്ലെസിസ്" അഥവാ "വിളിക്കപ്പെട്ട" എന്ന ചിന്ത ഇവിടെ കണ്ടില്ല എന്ന് നടിക്കുവാൻ കഴിയാത്ത വിധം സുവ്യക്തമാണ്. 11 : 9, 24, 26 എന്നീ വാക്യങ്ങളും നോക്കുക. ദൈവിക നിയോഗം എന്നർത്ഥത്തിൽ പുതിയനിയമത്തിലെ മറ്റേതൊരു പുസ്തകത്തിലും ഉള്ളതിനേക്കാൾ വളരെയധികം പ്രാവശ്യം 'വിളി' എന്ന വാക്ക് 1 കൊരിന്ത്യരിൽ കണ്ടെത്തുവാൻ സാധിക്കും.

യുഗപരമായി ആയാലും പ്രാദേശികമായി ആയാലും സഭ എന്ന വാക്കിനെ ശ്രദ്ധിച്ചാൽ, തിരുവചനത്താലുള്ള ദൈവവിളിയോടു കാണിക്കുന്ന അനുസരണ ഫലമായി ലോകത്തിൽ നിന്നും തിരഞ്ഞെടുത്ത് വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടമാണ് സഭ എന്ന വസ്തുത, ഈ വിഷയത്തോടുള്ള ബന്ധത്തിൽ പുതിയനിയമ ഉപദേശത്തിന്റെ അടിസ്ഥാന തത്വമാണ് എന്നു കാണാം.

വേർപാടിനോടുള്ള ജഡിക മനുഷ്യന്റെ വിരോധമാണ് ഈ വാക്കിന്റെ ആക്ഷരിക

അർത്ഥത്തെ തള്ളിക്കളയുവാനുള്ള ഇക്കാലത്തെ പ്രവണതയ്ക്ക് ഒരു കാരണം. പലരും ഇന്ന് പുരാതന അതിർത്തികളെ നീക്കി വേർപാടിന്റെ മതിലുകളെ ഇടിച്ചു കളയുവാൻ ശ്രമിക്കുകയാണ്. വിളിക്കപ്പെട്ട കൂട്ടം, വേർതിരിക്കപ്പെട്ട കൂട്ടമാണ്. ദൈവത്തിന്റെ സഭ മാനുഷികമായ സകലത്തിൽ നിന്നും ദൈവത്താൽ വേർപ്പെടുത്തപ്പെട്ട, ദൈവത്തിനായി വേർപെടുത്തപ്പെട്ട കൂട്ടമാണ്.

വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടം കേവലം വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ ഒരു കൂട്ടം അല്ല എന്ന് നാം അറിഞ്ഞിരിക്കണം. ഓരോ യഥാർത്ഥ ക്രിസ്ത്യാനിയും സുവിശേഷം മുഖാന്തിരം ദൈവത്താൽ ലോകത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ടവനാണ്. (യോഹ. 17:6, 14, റോമർ 8:28, 29, 30, 2 തെസ്സ. 2:14, 1 പത്രൊ. 2:9). എന്നാൽ ഇപ്രകാരം വിളിക്കപ്പെട്ട ചിലർ പുതിയ നിയമത്തിൽ നൽകപ്പെട്ടിരിക്കുന്ന ദൈവിക മാതൃക പ്രകാരമല്ലാത്ത സ്വന്ത ആശയ പ്രകാരമോ അല്ലെങ്കിൽ മനുഷ്യരുടെ രീതിപ്രകാരമോ കൂടിവരുവാൻ തീരുമാനിച്ചാൽ, വിളിക്കപ്പെട്ടവരാണ് കൂടി വരുന്നതെങ്കിലും അത് വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടം, എക്ലീസിയ അഥവാ സഭ ആവുകയില്ല. അത് മനുഷ്യനിർമ്മിതമായ ഏതെങ്കിലും സംഘടനയുടെ ഭാഗമാകും. ഒരു കൂട്ടം, യഥാർത്ഥ എക്ലീസിയ ആകണമെങ്കിൽ അത് മതപരമായതോ അല്ലാത്തതോ ആയ സകല സംഘടനകൾക്കും വെളിയിൽ ആയിരിക്കണം. ദൈവവചനം, മതങ്ങളുടെയും, ഇസങ്ങളുടെയും, സമിതികളുടെയും, മിഷനുകളുടെയും, സമ്പ്രദായങ്ങളുടെയും, സമുദായങ്ങളുടെയും മാനുഷികമായ സംഘടനകളുടെയും ലോകത്തിന്റെ പാളയത്തിനു വെളിയിലേക്ക്, ദൈവിക ലാളിത്യത്തിൽ യേശു ക്രിസ്തുവിന്റെ നാമത്തിൽ, അനേക കൂട്ടങ്ങളുടെ മേൽ അധികാരം ചെലുത്തുന്ന ഏതെങ്കിലും മനുഷ്യന്റെയോ ഒരു സംഘം മനുഷ്യരുടെയോ അധീനതയിൽ അല്ല പകരം ക്രിസ്തുവിന്റെ കർത്തൃത്വത്തിന്റെ അധീനതയിൽ കൂടിവരേണ്ടതിനായി നമ്മെ വിളിക്കുന്നു. (മത്തായി 18:20, എബ്രാ. 13:13, വെളി. 2:1) ഈ വസ്തുതകൾ വചനപ്രകാരമുള്ള ക്രിസ്തീയ സാക്ഷ്യത്തിന് അടിസ്ഥാനപരമാണ്. അതുകൊണ്ടുതന്നെ ഇവയെ വിശദമായി പ്രതിപാദി ക്കേണ്ടത് ആവശ്യവുമാണ്. എന്നാൽ ഈ വിഷയത്തോടുള്ള ബന്ധത്തിൽ ദൈവം ഉപയോഗിച്ചിരിക്കുന്ന 'എക്ലീസിയ' അഥവാ 'വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടം' എന്ന വാക്കിൽ തന്നെ ഈ സത്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതിനാലാണ് ഇവിടെ ഇത് പറയേണ്ടി വന്നത്.

ഈ അർത്ഥത്തിലാണ് സ്തെഫാനോസ് ഇസ്രായേലിനെ മരുഭൂമിയിലെ സഭ എന്നു വിളിച്ചത് (അപ്പൊ.പ്ര. 7:38). ഹോശേയയുടെ പുസ്തകത്തിൽ (11:1) നാം ഇപ്രകാരം വായിക്കുന്നു, "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു മിസ്രയീമിൽ നിന്ന് ഞാൻ എന്റെ മകനെ **വിളിച്ചു.**" ദൈവം താൻ തനിക്കുവേണ്ടി വിളിച്ചു വേർതിരിച്ചവർ എന്ന അർത്ഥത്തിൽ ഇസ്രായേൽ മരുഭൂമിയിലെ വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടം ആയിരുന്നു (പുറ. 19:3–61, 33:16, സംഖ്യ.23:9, ആവർ. 7:6, എസ്രാ 9:1–3).

"ചർച്ച്" (Church) എന്ന ഇംഗ്ലീഷ് വാക്ക് പുതിയനിയമത്തിൽ 1 കൊരി. 11:20 ലും (കർത്താവിന്റെ അത്താഴം) വെളിപ്പാട് 1:10 ലും (കർത്താവിന്റെ ദിവസം) കാണപ്പെടുന്ന 'കുര്യാക്കോസ്' എന്ന ഗ്രീക്കു വാക്കിന് വിവിധ ഭാഷകളിൽ കൊടുത്തിരിക്കുന്ന വാക്കിന്റെ വകഭേദമാണ്. സഭ കർത്താവിന്റെ ഭവനമാണ് എന്ന അർത്ഥത്തിലായിരിക്കാം വിവർത്തകർ 'ചർച്ച്' എന്ന് ലാറ്റിനിലും മറ്റും തർജ്ജമ ചെയ്തതിനാൽ ഉദ്ദേശിച്ചത്. സഭ കർത്താവിന്റെ ഭവനമാണ് എന്നത് സത്യമാണെങ്കിലും എക്ലീസിയ എന്ന വാക്കിന്റെ 'വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടം' എന്ന അർത്ഥവുമായി 'ചർച്ച്' എന്ന വാക്കിനും അതിന്റെ അർത്ഥത്തിനും യാതൊരു പൊരുത്തവുമില്ല.

'പ്യൂരിട്ടൻസ്' എന്നറിയപ്പെടുന്നവരിൽ ചിലർ ചർച്ച് എന്ന വാക്ക് അവരുടെ

കാലയളവിൽ ഉപയോഗിച്ചിരുന്ന രീതിയോട് എതിർപ്പ് പ്രകടിപ്പിക്കുകയും അവരുടെ പരിഭാഷയിൽ സഭ/സംഘം എന്നർത്ഥം വരുന്ന ‘Congregation’ എന്ന വാക്ക് ഉപയോഗിക്കുകയും ചെയ്തു.

ഇന്നും ചർച്ച് എന്ന വാക്ക് വളരെയധികം തെറ്റായി മനസ്സിലാക്കുകയും ഉപയോഗിക്കുകയും ചെയ്യപ്പെടുന്നു. അനേകരെ സംബന്ധിച്ചിടത്തോളം ഇത് മതപരമായ ഒരു കെട്ടിടത്തെ കാണിക്കുന്നു. അപ്പൊ. പ്രവൃ. 19:3 ൽ മാത്രമെ ഒരു കെട്ടിടമെന്ന് ഉദ്ദേശിച്ച് ചർച്ച് എന്ന വാക്ക് ഇംഗ്ലീഷിൽ ഉപയോഗിച്ചിട്ടുള്ളൂ. അവിടെ അത് അന്യജാതികളുടെ അമ്പലത്തെയാണ് കാണിക്കുന്നത്. ഇവിടെ ചർച്ച് എന്ന് കാണുന്നത് വിവർത്തനപ്പിശകാണ് എന്ന് നാം മുമ്പ് കണ്ടതാണ്. അവരുടെ ‘ഭവനത്തിലെ സഭ’ എന്ന് നാം പുതിയനിയമത്തിൽ പല പ്രാവശ്യം വായിക്കുന്നു. (1 കൊരി. 16:19) സഭ എന്നത് കൂടിവരുന്ന ജനസംഘമാണ് അല്ലാതെ ജനം കൂടിവരുന്ന സ്ഥലമല്ല എന്നാണ് ഇത് കാണിക്കുന്നത്. സത്യത്തിൽ പുതിയനിയമ കാലയളവിൽ യാതൊരു വിധ ക്രിസ്തീയ ആലയങ്ങളും ഉണ്ടായിരുന്നില്ല. എ.ഡി. 400–ന് ശേഷമാണ് ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പണിയുവാൻ ആരംഭിച്ചത്. ആദ്യ നൂറ്റാണ്ടിലെ ക്രിസ്തീയ വിശ്വാസികൾ വീടുകൾ, മന്ദിരാംഗണങ്ങൾ, പാഠശാലകൾ തുടങ്ങി തങ്ങൾക്ക് കണ്ടെത്തുവാൻ കഴിഞ്ഞ യോഗ്യമായ സ്ഥലങ്ങളിൽ വളരെ ലളിതമായി കൂടിവരുകയാണ് ചെയ്തത്. ക്രിസ്തീയ വിശ്വാസികൾ തങ്ങൾ കൂടിവരുന്ന സ്ഥലത്തെ (ഹാൾ) സഭ അഥവാ ചർച്ച് എന്നു വിളിക്കുന്നത് ഖേദകരമായ വസ്തുതയാണ്. ഇത് കാണിക്കുന്നത് ഒന്നുകിൽ ഈ വിഷയത്തെക്കുറിച്ചുള്ള തിരുവചന ഉപദേശത്തെക്കുറിച്ച് അവർ അജ്ഞരാണ് എന്നാണ് അല്ലെങ്കിൽ ‘വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ട’മായിരിക്കാതെ ലോകത്തോട് അനുരൂപപ്പെടുവാൻ വേണ്ടി തിരുവചന ഉപദേശത്തെ തള്ളിക്കളയുവാൻ അവർ തയ്യാറാകുന്നു എന്നാണ്.

മനുഷ്യനിർമ്മിതമായ ലൗകിക മതക്രമത്തെയും സഭ എന്ന് മാലോകർ പറയാറുണ്ട്. റോമൻ കത്തോലിക്ക സഭ, യാക്കോബായ സഭ, ബാപ്റ്റിസ്റ്റ് സഭ, പെന്തക്കോസ്ത് സഭ, ബിലീവേഴ്സ് ചർച്ച് (സഭ) എന്നിപ്രകാരം മനുഷ്യർ പറയാറുണ്ട്. സത്യത്തിൽ യഥാർത്ഥ എക്ലീസിയയിൽ കൂട്ടായ്മയിലായിരിക്കുന്ന ഒരാൾ ഇപ്രകാരം സഭ എന്ന് പറയപ്പെടുന്ന, യഹൂദമതത്തിന്റെ ‘ജഡികനിയമങ്ങളെ’ പിന്തുടരുന്ന, മാനുഷികമായി ക്രമീകരിക്കപ്പെട്ട മതസ്ഥാപനങ്ങളുടെ പാളയത്തിന് പുറത്ത് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ മാത്രം കൂടിവരുന്നവനായിരിക്കും. പോപ്പ് മുതൽ സാധാരണക്കാരനായ പ്രേഷിതൻ വരെയുള്ള വൈദികക്രമം യഹൂദമത ക്രമപ്രകാരമുള്ള പൗരോഹിത്യത്തിന്റെ അനുകരണമാണ്. അലങ്കരിക്കപ്പെട്ട പ്രത്യേക കെട്ടിടങ്ങൾ, ന്യായപ്രമാണ പ്രവർത്തികളിലൂടെയുള്ള രക്ഷയുടെ ഉപദേശം, ശുശ്രൂഷയ്ക്കായുള്ള പ്രത്യേക ഉടുപ്പുകൾ, ശിശുക്കളുടെ മേൽ വെള്ളം തളിക്കൽ, മുൻനിശ്ചയിക്കപ്പെട്ട ശുശ്രൂഷാക്രമങ്ങൾ, യാഗപീഠങ്ങൾ, സംഗീതോപകരണങ്ങൾ, ഗായകസംഘം തുടങ്ങി മറ്റെല്ലാ ആചാരങ്ങളും, ക്രിസ്തീയ ഗോളത്തിന്റെ സാധന സാമഗ്രികളും, യഹൂദ മതാവശിഷ്ടങ്ങളാണ്. ഇന്ന് പാളയത്തിനു പുറത്തുപോകുക എന്ന് പറഞ്ഞാൽ അത് യഹൂദ മതത്തിൽനിന്ന് മാത്രമല്ല, പകരം ഇപ്രകാരം യെഹൂദമതത്തിന് ക്രിസ്തീയ ഉടുപ്പിട്ട് അതിന് മറ്റൊരു പേർ വിളിക്കുന്ന മനുഷ്യനിർമ്മിതമായ മതസംഘടനകൾക്ക് വെളിയിൽ ആയിരിക്കുക എന്നാണ്.

അനേകർ സഭയെ ഒരു തൊഴിൽ ആയി കാണുന്നുണ്ട്. ചിലർ നിയമത്തിനും മറ്റു ചിലർ വൈദ്യശാസ്ത്രത്തിനും പോകുന്നതുപോലെ ചിലർ സഭയിലേക്ക് (വൈദിക വേലയ്ക്കായി) പോകുന്നു. ന്യായാധിപന്മാരുടെ പുസ്തകം 17, 18 അദ്ധ്യായങ്ങളിൽ കാണുന്ന വിഗ്രഹാരാധിയായ ലേവ്യനെപ്പോലെ ഇവർ അതിനെ ഒരു ജീവിതവൃത്തിയായി കാണുന്നു. തന്നെയുമല്ല, തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതിന് അവർ സ്ഥാനക്കയറ്റം

സ്വീകരിക്കുവാനും തയ്യാറാണ്. നാം കർത്താവിന്റെ വേലയ്ക്കായി പൂർണ്ണ സമയം വേർതിരിഞ്ഞ് മറ്റു വേല ചെയ്യാതിരിക്കുന്നവരെ കുറിച്ച് പുതിയനിയമത്തിൽ വായിക്കുന്നുണ്ട് (1 കൊരി. 9:6). അപ്രകാരമുള്ളവർ ദൈവത്താൽ, ദൈവവേലയ്ക്കായി വിളിക്കപ്പെട്ടവാണ്. അതുകൊണ്ട് തന്നെ അവരെ സാമ്പത്തികമായി സഹായിക്കേണ്ട കടമ വിശുദ്ധന്മാർക്ക് ഉണ്ട്. പക്ഷെ അത് സ്വേച്ഛാദാനമാണ് നിശ്ചയിക്കപ്പെട്ട ശമ്പളം അല്ല. (1 കൊരി. 9:11, ഗലാ. 6:6, ഫിലി. 4: 10–18). ഇപ്രകാരം ദൈവവേലയ്ക്കായി വിളിക്കപ്പെട്ടവർ സമയത്ത് ശമ്പളം ലഭിക്കേണ്ടതിന് സംഘടനകളിലേക്കോ ക്രിസ്തീയ കൂട്ടങ്ങളിലേക്കോ അല്ല പകരം തങ്ങളുടെ ആവശ്യങ്ങൾക്കായി ദൈവത്തിങ്കലേക്കാണ് നോക്കുന്നത്. ദൈവം ആണ് അവരെ കൂലിക്കെടുക്കുന്നത്, ദൈവം തന്നെയാണ് ഈ വിഷയത്തിൽ ഭാരമുള്ള തന്റെ ജനത്തിലൂടെ അവർക്ക് കൂലി നൽകുന്നത്. പക്ഷെ അവർ ഒരിക്കലും മനുഷ്യന്റെ കൂലിക്കാർ അല്ല.

സഭ എന്ന വാക്ക് എത്രമാത്രം ദുരുപയോഗം ചെയ്യപ്പെടുന്നു എന്നും ഈ വാക്കിന്റെ ഉപയോഗം എത്രമാത്രം തെറ്റിദ്ധാരണാജനകമാണെന്നും മേൽകാണുന്ന ഖണ്ഡികകളിൽ നിന്നും മനസ്സിലാക്കാം. ഇക്കാരണത്താൽ അനേകർ ചർച്ച് എന്ന വാക്കിനു പകരം അസംബ്ലി (Assembly) എന്ന വാക്ക് താത്പര്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അസംബ്ലി എന്ന വാക്ക് ഒരു കെട്ടിടത്തെയോ, സമിതിയെയോ, ജോലിയെയോ അല്ല ജനക്കൂട്ടത്തെയാണ് കാണിക്കുന്നത്.

അനേക സ്ഥലങ്ങളിൽ വർത്തമാന യുഗത്തിൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസികളായവരുടെ മുഴുൻ കൂട്ടം എന്ന ആത്മിക ചിന്തയെ ചർച്ച് എന്നും, ഏതെങ്കിലും ഒരു സ്ഥലത്ത് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടിവരുന്നവരുടെ കൂട്ടങ്ങളെ അസംബ്ലീസ് എന്നും സംബോധന ചെയ്യാറുണ്ട്. ഇത് പ്രകാരമുള്ള കൂടിവരവുകളുടെ ആത്മിക ലാളിത്യത്തിന് ചേരുന്നതും പ്രാകൃത മനസ്സിന് വളരെ പ്രിയപ്പെട്ട സംഘടനകളും ആചാരങ്ങളും ഉൾപ്പെട്ട ലോക മതത്തിന്റെ തെറ്റിദ്ധാരണകളിൽ നിന്ന് സ്വാതന്ത്ര്യം നൽകുന്നതുമാണ്.

എന്തായാലും നമ്മുടെ ഭാഷയിൽ ഏത് വാക്ക് ഉപയോഗിച്ചാലും മൂലഭാഷയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം വിളിച്ച് ‘വേർതിരിക്കപ്പെട്ട കൂട്ടം’ എന്നാണെന്നും, അത് ദൈവവചനത്താൽ ലൗകികമായ സകലത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് എന്നും നാം മറക്കരുത്.

--------------------